(സി) ഉണ്ട്.

കോഴിക്കോട് തുറമുഖ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖ തൊഴിലാളികൾക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 2,25,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം സേഫ്റ്റി ഹെൽമറ്റ്, സേഫ്റ്റി ഷൂ എന്നിവ വാങ്ങിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ ഓഫീസിന്റെ കീഴിൽ പ്രവർത്തിക്കുന്ന തുറമുഖ തൊഴിലാളികൾക്ക് ഇവ വാങ്ങുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. പ്രവർത്തനം നിലച്ച തുറമുഖങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷനും ഉത്സവ ബത്തയും നൽകാറുണ്ട്.

(ഡി) തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കായിക മേഖലയുടെ വികസനത്തിനായി കർമ്മ പദ്ധതി

26 (*686) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ ഉന്നതിക്കുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്തു ; വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം കായിക മേഖലയ്ക്കുവേണ്ടി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(സി) കായിക മേഖലയുടെ വികസനത്തിനായി 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചിട്ടുള്ള സഹായം എത്ര വീതമാണ് ;

(ഡി) പുതിയ തലമുറയെ കായിക രംഗത്തോട് ആഭിമുഖ്യമുള്ളവരായി വളർത്തിയെടുക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ ഉന്നതിക്കുവേണ്ടി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. സമഗ്രമായ കായിക ക്ഷമതാ പദ്ധതി

2. വിഷൻ ഇന്ത്യാ പദ്ധതി

3. ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി

4. പഞ്ചായത്ത് യുവക്രീഡാ ഓർ ചേർ അഭിയാൻ

5. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം/ഒരു നീന്തൽക്കുളം പദ്ധതി

6. കേരളത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രാഥമിക നീന്തൽ പരിശീലന പദ്ധതി.

7. സ്പോർട്ട്സ് ആക്ട് പഞ്ചായത്ത് തലംവരെ നടപ്പിലാക്കി.

8. 2010 കായിക വർഷമായി ആചരിക്കുന്നു.

9. സ്പോർട്ട്സ് കോട്ടാ നിയമനം 20-ൽനിന്നും 50-ആക്കി.

10. നാഷണൽ ഗെയിംസിന്റെ ഭാഗമായി 500 കോടി രൂപയുടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ എന്നിവ നിർമ്മിക്കുന്നു.

കായിക യുവജനകാര്യാലയംവഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) നടപ്പുസാമ്പത്തികവർഷം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് പ്ലാൻ ഗ്രാന്റ് ഇനത്തിൽ 12 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 5,84,37,000- രൂപയും ദേശീയ അന്തർദേശീയ മത്സര വിജയികൾക്കുള്ള ക്യാഷ് അവാർഡ് വിതരണത്തിനായി 1.5 കോടി രൂപയും ദേശീയ ഗെയിംസ് നടത്തിപ്പിനായി 67 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) കായിക മേഖലയുടെ വികസനത്തിനായി 2006-07 മുതൽ 2009-10 വരെ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന് ലഭിച്ച കേന്ദ്രസഹായം താഴെകൊടുക്കുന്നു.

1. 2006-07- 1,32,580 രൂപ.

2. 2007-08-51,37,000 രൂപ

3. 2008-09-11,00,000 രൂപ

4. 2009-10-94,22,500 രൂപ

കായിക യുവജനകാര്യാലയത്തിന് ലഭിച്ച കേന്ദ്ര സഹായം സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*

(ഡി) പുതിയ തലമുറയെ കായിക രംഗത്തോട് ആഭിമുഖ്യമുള്ളവരായി വളർത്തിയെടുക്കാൻ താഴെപ്പറയുന്ന കർമ്മ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. വിഷൻ ഇന്ത്യ കേരള പദ്ധതി :

ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഫുട്ബോൾ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള 'വിഷൻ ഏഷ്യ പദ്ധതി' കേരളത്തിൽ 'വിഷൻ ഇന്ത്യ കേരള' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 91 സ്കൂളുകളിലായി 3115 കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകിവരുന്നു.

2. സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി :

ലോകാരോഗ്യ സംഘടനയുടെ പഠനങ്ങളിൽ കേരളത്തിലെ ജീവിത ശൈലീജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി നിരീക്ഷിക്കപ്പെട്ട സാഹചര്യത്തിലാണ് സമ്പൂർണ്ണകായിക ക്ഷമതാ പദ്ധതി വിഭാവനം ചെയ്തത്. സംസ്ഥാനത്തെ സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് പദ്ധതി നടപ്പിലാക്കിയത്.

3. ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി :

ആരോഗ്യ കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി.

4. പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ :

ഗ്രാമീണ മേഖലയിൽ കളിസ്ഥലം ലഭ്യമാക്കി ആ പ്രദേശങ്ങളിലെ യുവജനങ്ങളെ കായിക രംഗത്തേയ്ക്ക് ആകർഷിച്ച് സ്പോർട്സിന്റെ അടിത്തറ വിപുലീകരിക്കുകയും അതുവഴി കൂടുതൽ കായിക താരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

5. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം :

കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് സുലഭമായ കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നീന്തൽ പ്രാഥമിക പരിശീലനം നൽകിവരുന്നു.

കൊച്ചി കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ

27 (*687) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസുമായി ചേർന്നുകൊണ്ട് കെ. എസ്. ഐ. ഇ കൊച്ചിയിൽ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly